# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1718 14.08.2017-ൽ മറുപടിയ്ക്ക്

## നോർക്ക ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എൻ.വിജയൻ പിള്ള | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസി മലയാളികൾക്കായി നോർക്ക ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ)<br>1. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം<br>2. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം<br>3. തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം<br>4. മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നല്കുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം<br>5. ലോക കേരള സഭ പദ്ധതി<br>6. ആഗോള സാംസ്കാരികോത്സവം പദ്ധതി<br>7. തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി<br>8. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ<br>9. സ്വപ്ന സാഫല്യം<br>10. കാൾ സെന്റർ<br>11. സർട്ടിഫിക്കറ്റ് അറ്റസേറ്റേഷൻ<br>12. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേയ്സ് രൂപീകരണവും പദ്ധതി<br>13. എൻ. ആർ.കെ. ഐഡി കാർഡ്/പ്രവാസി ഐ.ഡി കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)<br>14. എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്<br>15. നോർക്ക റിക്രൂട്ട്മെന്റ്<br>16. സാന്ത്വന പദ്ധതി<br>17. കാരുണ്യം<br>18. ചെയർമാൻ ഫണ്ട് |

(ബി) പ്രവാസികളെ അടിയന്തരമായി സ്വദേശത്തേയ്ക്ക് തിരികെ എത്തിക്കേണ്ടി വരുന്ന സാഹചര്യങ്ങളിലേക്കായി ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രവാസികളെ അടിയന്തിര സാഹചര്യങ്ങളിൽ നാട്ടിലെത്തിക്കുന്നതിനായി **എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്** എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്.

(സി) നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വിദേശ രാജ്യങ്ങളിൽ നഴ്സിംഗ്, ഗൃഹജോലി, മറ്റ് സഹായകജോലികൾ എന്നിവയ്ക്കായി വനിതകളാണ് ഭൂരിഭാഗവും നിയോഗിക്കപ്പെടുന്നത് എന്നതിനാൽ വനിത തൊഴിൽ അന്വേഷകർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി സ്ത്രീകൾക്ക് മാത്രമായുള്ള അവബോധ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ ?

(സി) & (ഡി) Awareness Campaign on Illegal Recruitment & Visa Check എന്ന പദ്ധതി മുഖാന്തിരം വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ നൽകി വരുന്നുണ്ട്. കൂടാതെ കേരളത്തിൽ നിന്നും വിദേശത്ത് തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾ വിദേശത്തേക്ക് പുറപ്പെടുന്നതിനു മുമ്പ് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളായ വിദേശ രാജ്യങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ, നിയമാനുസൃത റിക്രൂട്ടിംഗ് കമ്പനികളുടെ വിവരങ്ങൾ, വിസ-എമിഗ്രേഷൻ നിയമങ്ങൾ, തൊഴിൽ ഉടമ്പടി, കസ്റ്റംസ് നിയമങ്ങൾ , യാത്രാ നിബന്ധനകൾ, തൊഴിൽ സംസ്കാരം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി നൽകി വരുന്ന പരിശീലന പരിപാടിയാണ് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. നഴ്സിംഗ്, ഗൃഹ ജോലി, മറ്റ് സഹായജോലികൾ എന്നിവക്കായി പോകുന്ന വനിതകൾ ചൂഷണത്തിനിരയാകുന്ന സാഹചര്യമുണ്ടെന്ന് കണ്ടെത്തിയതിനാൽ ഇവർക്ക് മാത്രമായി പ്രത്യേകിച്ച് വിശദമായ പരിശീലന പരിപാടിയും നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**